(സി) സർക്കാർ കൊണ്ടുവന്ന ഫിസ്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെന്നു വ്യക്തമാക്കുമോ;

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ടും 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ടും കടമെടുപ്പ് നിയന്ത്രിക്കുന്നതിനും കൂടി ഉദ്ദേശിച്ചുള്ളതാണ്. വികസന ക്ഷേമപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനല്ല, മറിച്ച് ഊർജ്ജിതപ്പെടുത്തുന്നതിനാണ് ഗവൺമെന്റ് ഊന്നൽ നൽകുന്നത്.

(ബി) 2004-2005-ലെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി 2003-2004-ൽ ജി.എസ്.ഡി.പി.-യുടെ 4.08% ആയിരുന്നത് 2004-2005-ൽ 3.66% ആയി കുറഞ്ഞു. റവന്യൂ കമ്മി 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 31.15%-ഉം റവന്യൂ ചെലവിന്റെ 23.75% ആയിരുന്നത് 2004-2005-ൽ യഥാക്രമം 27.24%-ഉം 21.41%-ഉം ആയി കുറഞ്ഞു. 2003-2004-ൽ കടം 6392 കോടിയോളം രൂപ വർദ്ധിച്ചു. എന്നാൽ 2004-2005-ൽ വർദ്ധനവ് 4403 കോടി രൂപയുടേതായിരുന്നു. സംസ്ഥാനത്തിന്റെ ധനക്കമ്മി 2003-2004-ൽ ജി.എസ്.ഡി.പി.-യുടെ 6.14% ആയിരുന്നത് 2004-2005-ൽ 4.45% ആയി കുറഞ്ഞു. 2003-2004-ൽ പലിശബാദ്ധ്യത മുൻവർഷത്തെക്കാൾ 12.95% വർദ്ധിച്ചത് 2004-2005-ൽ 8.71% ആയി കുറഞ്ഞു. പലിശബാദ്ധ്യത 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 28.17%-ഉം റവന്യൂ ചെലവിന്റെ 21.48% ആയിരുന്നത് 2004-2005-ൽ യഥാക്രമം 26.82%-ഉം 21.08%-ഉം ആയി കുറഞ്ഞു.

(സി) റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായവിധം കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാലപദ്ധതിയിലൂടെ സാമ്പത്തികനയം നടപ്പാക്കിക്കൊണ്ടും ദീർഘവീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതും ആനുഷാംഗികവും ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ടി നിയമം.

കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ നടപടി

*11 [463] *ശ്രീ. തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ വിജ്ഞാപനത്തിലൂടെ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുവാനുള്ള അവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ഡി) കൂടുതൽ ഇനങ്ങളിലെ കായികതാരങ്ങളെ പരിഗണിക്കുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്; പരിശോധിച്ചുവരുന്നു.

(ഡി) ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 22-6-2005-ലെ 28620/എസ്.ഡി1/05/പൊ.ഭ.വ. എന്ന നമ്പറിലെ വിജ്ഞാപനത്തിൽ മാറ്റം വരുത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വാട്ടർ ചാർജ് കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾ

*12 [464] *ശ്രീ. തന്നാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കളിൽനിന്നും വാട്ടർ ചാർജിനത്തിൽ വാട്ടർ അതോറിറ്റിക്ക് എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക വരുത്തുന്ന ഗാർഹിക ഉപഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കാറുണ്ടോ;

(സി) എങ്കിൽ എന്തു തുകയിൽ കൂടുതൽ കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനാണ് ഇപ്രകാരം വിച്ഛേദിക്കുന്നത്;

(ഡി) ഇവർക്ക് തവണകളായി തുക അടച്ചുതീർക്കുന്നതിന് അനുവാദം നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) വാട്ടർ അതോറിറ്റിക്ക് ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് 31-5-2005 വരെ 55.30 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly